**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1067** **31-01-2024 - ൽ മറുപടിയ്ക്ക്**

**ജല അതോറിറ്റിയുടെ പണം സ്വകാര്യ ബാങ്കിലേക്ക് മാറ്റുന്ന നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | എസ്.ബി.ഐ. യുടെ അക്കൗണ്ടിൽ സൂക്ഷിച്ചിരുന്ന ജല അതോറിറ്റിയുടെ പണം സ്വകാര്യ ബാങ്കിലേക്ക് മാറ്റുന്നതിന് മാനേജിംഗ് ഡയറക്ടർ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഏതു ബാങ്കിലേക്കാണ് ഇപ്രകാരം പണം മാറ്റിയത്; ഏത് സാഹചര്യത്തിലാണ് ഇപ്രകാരം ഒരു തീരുമാനമെടുത്തത്; വിശദാംശം വ്യക്തമാക്കുമോ; | (എ) | കേരള വാട്ടർ അതോറിറ്റിയുടെ വാട്ടർ ചാർജ് ഇതര വരുമാന വർദ്ധനവിന്റെ ഭാഗമായി ബാങ്ക് നിക്ഷേപങ്ങൾക്ക് ഉയർന്ന പലിശ നേടുന്നതിന് ദേശസാൽകൃത/ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്നും താൽപര്യപ്രകടനം ക്ഷണിച്ചിരുന്നു. ആയതിലേക്ക് പതിനൊന്ന് ബാങ്കുകൾ താൽപര്യം പ്രകടിപ്പിച്ച ഓഫറുകൾ സമർപ്പിച്ചിരുന്നു. ഇതിൽ നിന്ന് നിക്ഷേപങ്ങൾക്ക് ഏറ്റവും കൂടുതൽ പലിശ നിരക്ക് ഓഫർ നൽകിയ മൂന്നു ബാങ്കുകളായ കാത്തലിക് സിറിയൻ ബാങ്ക്, ഫെഡറൽ ബാങ്ക്, ബന്ധൻ ബാങ്ക് എന്നിവയിൽ നൂറുകോടി രൂപ വീതം നിക്ഷേപിച്ചു (സ്ഥിര നിക്ഷേപം). ഇങ്ങനെ ലഭിക്കുന്ന പലിശ ജീവനക്കാരുടെ കുടിശ്ശികയായ പി.എഫ് ഫണ്ടിലേക്ക് നിക്ഷേപിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | പൊതുമേഖലാ ബാങ്കിൽ നിന്നും സ്വകാര്യ ബാങ്കിലേക്ക് നിക്ഷേപം മാറ്റുവാൻ ഉള്ള തീരുമാനം സർക്കാർ നയത്തിന്റെ അടിസ്ഥാനത്തിൽ ഉള്ളതാണോയെന്ന് വ്യക്തമാക്കുമോ; | (ബി) | സർക്കുലർ നമ്പർ SS-1/100/2023/Fin തീയതി 01/12/2023 പ്രകാരം പൊതുമേഖല സ്ഥാപനങ്ങൾ/ സ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ ഉടമസ്ഥതയിലുള്ള ഏജൻസികൾ എന്നിവയ്ക്ക് ട്രഷറിയിൽ നിന്ന് ലഭിക്കുന്നതിനേക്കാൾ കൂടുതൽ പലിശ ലഭിക്കുന്ന ബാങ്കുകളിൽ സ്ഥിര/സേവിംഗ്സ് ബാങ്ക് നിക്ഷേപങ്ങൾ നടത്തുവാൻ അനുമതി നൽകുന്നുണ്ട്. |
| (സി) | മേൽപ്പറഞ്ഞ രീതിയിൽ പണം മാറ്റുന്നത് സംബന്ധിച്ച് ജീവനക്കാരുടെ അംഗീകൃത സംഘടനകളും ആയി ചർച്ച നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | ചർച്ച നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ